**കേരളത്തിൽ ജനകീയാസൂത്രണ പരിപാടികൾക്ക് തുടക്കം കുറിച്ച കാലത്ത് 'വികസനം' എന്ന പ്രക്രിയയെക്കുറിച്ച് അടിസ്ഥാനപരവും സത്യസന്ധവും ആയ പുനർവിചിന്തനവും നിർവചനവും ആവശ്യമാണ് എന്ന് പറഞ്ഞുകൊണ്ട് ശർമ്മാജി (എസ്. ശർമ്മ) ഇ.എം.എസ്സിന് അയച്ച കത്ത്. സാർവത്രികമായ നന്മയും നീതിയും സംസ്കാരവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുവാൻ ഉതകുന്ന വികനസമാണ് വേണ്ടത് എന്ന ശർമ്മാജിയുടെ നിരീക്ഷണത്തെ പൂർണ്ണമായും തള്ളിക്കളയുന്ന ഇ.എം.എസ് കേരളത്തിന്റെ ആസൂത്രണപ്രക്രിയയിൽ അവയ്ക്കൊന്നും സ്ഥാനമില്ലെന്ന് സ്ഥാപിക്കുന്നു. രാഷ്ട്രീയ രംഗത്തെ വേറിട്ട ശബ്ദമായിരുന്ന ശർമ്മാജി മുന്നോട്ടുവച്ച ശുഭസൂചനകളും അതിനോടുള്ള, മുഖ്യധാരാ ഇടതുപക്ഷത്തിന്റെ വികസന കാഴ്ച്ചപ്പാടുകളുടെ ദാരിദ്ര്യം വ്യക്തമാക്കുന്ന ഇ.എം.എസ്സിന്റെ മറുപടിയും പുനഃപ്രസിദ്ധീകരിക്കുന്നു.**

# വികസനം: രണ്ട് സമീപനങ്ങൾ

പ്രിയപ്പെട്ട സഖാവ് ഇ.എം.എസ്

ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് വിപുലമായ ഒരു ജനകീയ പ്രസ്ഥാനത്തിന്റെ ആവശ്യകത മനസ്സിലാക്കിക്കുന്നതിനും മാർഗ്ഗദർശനം നൽകാനും ഗവൺമെന്റിന്റേയും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങളേയും ഒന്നിച്ചണിനിരത്താനും മുന്നോട്ടുവന്ന സഖാവിന്റെ ശ്രമം ഞങ്ങളെയെല്ലാവരേയും സന്തോഷിപ്പിച്ചിരിക്കയാണ്.

സഖാവ് ആഗസ്റ്റ് 17ന് ഉദ്ഘാടനത്തിന് ചെയ്ത പ്രസംഗത്തിൽ കാതലായ ചില കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നത് വളരെ ശരിയാണ്.

1. കേരളത്തിൽ വികസനം സംബന്ധിച്ച് പൊതുജന ധാരണയിൽ ഉല്പാദനപ്രക്രിയയ്ക്ക് സ്ഥാനമില്ല. സ്കൂളുകൾ, ആശുപത്രികൾ, റോഡ് മുതലായവയാണ് വികസനമെന്നാണ് പൊതുധാരണ.

2. വികസനം സാധ്യമാക്കാനുള്ള ഒരേ ഒരു മാർഗം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽനിന്നും ധനസഹായം കിട്ടലാണെന്നു നമ്മുടെ ജനങ്ങൾ ധരിച്ചുവെച്ചിട്ടുണ്ട്. പട്ടണപ്രദേശങ്ങളിലും നാട്ടിൻപ്രദേശങ്ങളിൽനിന്നുമുള്ള ജനങ്ങൾതന്നെ മുൻകൈയെടുത്ത് പണമായോ സാധനങ്ങളായോ ശ്രമദാന രൂപത്തിലോ സംഭാവനകൾ വഴിയോ വികസനത്തിനാവശ്യമായ മൂലധനമുണ്ടാക്കുന്നതിനെപ്പറ്റി ആളുകൾ ചിന്തിക്കാറില്ല.

3. ഒരു ഗ്രാമത്തിൽ അല്ലെങ്കിൽ നഗരത്തിൽ ഏതുതരം വികസനമാണ് വേണ്ടതെന്നും അതിനു എത്രപണം വേണമെന്നും കണക്കാക്കി അക്കാര്യം ഗവൺമെന്റിനോടു പറയുക. ആ ഗ്രാമത്തിന്റെയോ നഗരത്തിന്റെയോ പദ്ധതി തയ്യാറാക്കുക, അതിനു കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽനിന്നും കിട്ടാവുന്നതിന്റെ പരമാവധി ഫണ്ടു വാങ്ങുക, അതോടൊപ്പം നാട്ടുകാരിൽനിന്നും മറുനാടൻ മലയാളികളിൽനിന്നും ശേഖരിക്കുകകൂടി ചെയ്യുക. ഇതിനുള്ള സന്നദ്ധത ജനങ്ങളിൽ ഉണ്ടായിരിക്കണം.

4. ജാതിമത കക്ഷി പരിഗണനകൾക്ക് സ്ഥാനമില്ല. എല്ലാ ദേശസ്നേഹികൾ മുഴുവനും ഈ

പ്രസ്ഥാനത്തിൽ പങ്കുകൊള്ളണം. അതുവഴി മാത്രമേ ആ സൂത്രണപ്രക്രിയയ്ക്ക് ജനകീയ സ്വഭാവം നൽകാനാവു.

5. കാർഷികവും വ്യാവസായികവുമായ രംഗങ്ങളിലെ ഉല്പാദനവർദ്ധന, സാമൂഹ്യമേഖലകളിൽ നിലവിലുള്ള ദൗർലഭ്യം പരിഹരിക്കൽ ഇവ നിറവേറ്റുവാൻ ഇത്തരം പ്രസ്ഥാനത്തിനേ കഴിയൂ.

മേലെഴുതിയ കാര്യങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമായ ചുവടുവെപ്പുകളാണ്. ഇതിനെപ്പറ്റി സർക്കാരും ആസൂത്രണ ബോർഡും എടുത്ത നടപടികളെപ്പറ്റി ചില വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങളെ ഈ ജനകീയ പ്രസ്ഥാനത്തിൽ പങ്കാളികളാക്കാനുള്ള ആത്മാർത്ഥമായ മുൻകൈ ഉണ്ടായിട്ടില്ല, എന്നും ആസൂത്രണബോർഡ് തലത്തിൽ മാത്രം ഈ മഹാപ്രസ്ഥാനത്തിന്റെ പരിപേക്ഷ്യത്തെപ്പറ്റിയും സംഘടനയുടെ വിശദാംശങ്ങളെപ്പറ്റിയും ആലോചനകളും തീരുമാനങ്ങളും എടുത്തുകൊണ്ടു നടപ്പാക്കുന്ന ഒരു പരിപാടിയാണ് ഇതെന്നും ഉള്ള ധാരണ മാറ്റിയേ തീരു എന്ന് എനിക്ക് തോന്നുന്നു.

എന്നാൽ എന്റെ അഭിപ്രായത്തിൽ ഏറ്റവും കാതലായ പ്രശ്നം ഇതല്ല. നാം ആസൂത്രണം ചെയ്യുവാൻ ജനങ്ങളെ പങ്കാളികളാക്കുന്ന ഈ വികസനത്തിന്റെ മോഡൽ എന്താണ്? ഇന്ന് ഇന്ത്യയിൽ നടമാടിവരുന്ന മുതലാളിത്ത, ആഗോളകമ്പോളവത്കരണ വികസനത്തിന്റെ, ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമാണോ ഇത്? അല്ല അതിൽനിന്നും വ്യത്യസ്തമായി സാർവത്രികമായ നന്മയും നീതിയും സംസ്കാരവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുവാൻ ഉതകുന്ന, ദാരിദ്ര്യം എല്ലാതലത്തിലും തുടച്ചുമാറ്റി സ്വാശ്രയത്വം, പരിരക്ഷണം, സഹകരണം എന്നിവ നേടിയെടുക്കാൻ ഉതകുന്ന വികസനമാണോ നമ്മുടെ ആവശ്യം – ഈ പ്രശ്നത്തെപ്പറ്റിയാണ് ഗഹനമായ, വിപുലമായ ആലോചനകൾ വേണമെന്ന് ഞാൻ കരുതുന്നത്. അതേപ്പറ്റി എന്റെ ചില ചിന്തകൾ, സമാനചിന്താഗതിക്കാരുമായി ഞാൻ നടത്തിയ, നടത്തിവരുന്ന അന്വേഷണഫലങ്ങൾ സഖാവിന്റേയും മറ്റുള്ളവരുടേയും ആലോചനയ്ക്കായി അവതരിപ്പിക്കുന്നു.

സസ്നേഹം,

എസ്സ്. ശർമ്മ

കേരളം ഇന്നു അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ രണ്ടു വെല്ലുവിളികൾ ഉൽപാദനമേഖലയിലെ മാന്ദ്യവും സേവനതുറകളിലെ നിലവാരത്തകർച്ചയുമാണ്. ഇതിനെതിരെ നാം കരുപിടിപ്പിക്കേണ്ട വികസനപാന്ഥാവ്, ഈ പ്രതിസന്ധിയുടെ സാമൂഹിക രാഷ്ട്രീയ പ്രത്യാഘാതങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വ്യാപകമായ ചർച്ചകൾ ഇന്ന് നടക്കുന്നുണ്ട്. ഈ കാഴ്ചപ്പാടിന്റെ ഒരു പ്രധാനതലം വൈദ്യുതി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും സംസ്ഥാനതലത്തിൽ ദൃഢമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട് എന്നതാണ്. മറുവശത്ത് കൃഷി, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ മേഖലകളൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുന്നതിന് ഗ്രാമതലത്തിൽ ഒരു ജനകീയപ്രസ്ഥാനത്തിനു രൂപം കൊടുക്കേണ്ടതുണ്ട്.

ഈ നാടിന്റെ നിലനിൽപ്പിനെയും പുരോഗതിയെയും സാരമായി ബാധിക്കുന്ന ഇത്തരം അന്വേഷണങ്ങളും ചർച്ചകളും ബഹുജനങ്ങളുടെയിടയിൽ സർക്കാരിന്റെ തന്നെ മേൽനോട്ടത്തിൽ തുടങ്ങിവയ്ക്കുന്നത് സ്വാഗതാർഹമായ നല്ല ഒരു സംരംഭമാണ്. ഇതിനു നേതൃത്വം നൽകിയ സ. ഇ.എം.എസ് അഭിനന്ദനങ്ങൾ അർഹിക്കുന്നു.

എന്നാൽ നാളിതുവരെ ലോകമൊട്ടുക്കും ഇന്ത്യയിലെ കോടാനുകോടി ജനങ്ങളും വിശ്വസിച്ചു തുടർന്നുകൊണ്ടു പോകുന്ന 'വികസനം' എന്ന പ്രക്രിയയെക്കുറിച്ചും അതിന്റെ മാതൃക, രൂപം, ഭാവം, ലക്ഷ്യം എന്നിവയെക്കുറിച്ചും അടിസ്ഥാനപരവും സത്യസന്ധവും ആയ പുനർവിചിന്തനവും നിർവചനവും ആവശ്യമാണെന്നു തോന്നുന്നു. ഈ ജനകീയ പ്രസ്ഥാനം വിജയിക്കണമെങ്കിൽ ഈ അന്വേഷണം അത്യന്താപേക്ഷിതമാണ്. അതെപ്പറ്റിയുള്ള ചില ചിന്തകൾ ഇവിടെ അവതരിപ്പിക്കുകയാണ്.

## 1. എന്താണ് വികസനം

പുരോഗതതി, സാമ്പത്തിക ഉന്നമനം, ആധുനികത, മോചനം എന്നിങ്ങനെ പല അർത്ഥത്തിലും നാം വികസനത്തെ തിരിച്ചറിയാൻ ശ്രമിക്കുന്നു. ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെ മനുഷ്യജീവിതം സുഖകരവും സുഗമവുമാക്കാനും, കായികാധ്വാനം കുറയ്ക്കാനും പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്തു കച്ചവട ഉൽപ്പന്നങ്ങളായി മാറ്റി സാമ്പത്തിക പുരോഗതി കൈവരുത്താനും ലോകമൊട്ടുക്കുമുള്ള ജനത ശ്രമിക്കുകയാണ്. പട്ടിണിയും സാംക്രമിക രോഗങ്ങളും ഇല്ലാത്ത, അനന്തരമായ കൃത്രിമോർജ്ജസ്രോതസ്സുകൾ ഉപയോഗിച്ചു വൻവ്യവസായങ്ങളും ആധുനിക യന്ത്രങ്ങളും കമ്പ്യൂട്ടറുകളും റോബർട്ടുകളും മനുഷ്യജീവിതം സുഖകരമാക്കുന്ന ഒരു ലോകമാണ് വികസനത്തിലൂടെ മനുഷ്യൻ പ്രതീക്ഷിക്കുന്നത്.

സാങ്കേതിക സാമ്പത്തികവികസനം ഒരുപാട് പ്രയോജനങ്ങളും ജീവിതസുഖങ്ങളും സൗകര്യങ്ങളും പ്രദാനം ചെയ്തിട്ടുണ്ട് എന്നത് ശരിയാണ്. പക്ഷേ ഈ സുഖസൗകര്യങ്ങളും സാമ്പത്തിക സൗഭാഗ്യങ്ങളും എത്രപേർക്ക് ലഭിച്ചു? രണ്ടാമതായി ഇങ്ങനെ സാമ്പത്തികമായി പുരോഗമിച്ച രാഷ്ട്രങ്ങളിലും ദേശങ്ങളിലും സമൂഹങ്ങളിലും കുടുംബങ്ങളിലും വ്യക്തികളിലും ഈ പുരോഗതി വഴി യാഥാർത്ഥ്യ ഉന്നമനവും ക്ഷേമവും നന്മയും ഉണ്ടായോ? ഉണ്ടാകുന്നുണ്ടോ?


മൂന്നാമതായി പുരോഗതിയ്ക്കായി മനുഷ്യരാശിക്ക് മൊത്തമായും എന്തുവിലയാണ് കൊടുക്കേണ്ടിവരുന്നത്?

ആ വില ആരൊക്കെയാണ് കൊടുക്കുന്നത്? പുരോഗതിയുടെ വില എന്നെന്നും കൊടുക്കേണ്ടിവരുന്നവർക്ക് പുരോഗതിയുടെ ഗുണഫലങ്ങൾ ഒരംശമെങ്കിലും ലഭിക്കുന്നുണ്ടോ? ഭാവിയിൽ ലഭിക്കാൻ സാധ്യതയുണ്ടോ? അവസാനമായി ഇന്നു നാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസനം എന്നെന്നേക്കും നിലനിൽക്കുന്ന സുസ്ഥിരമായ ഒന്നാണോ?

ഈ ചോദ്യങ്ങൾക്ക് നാം ഉത്തരം കാണണം.

## 2. വികസനത്തിന്റെ വില

ഭൂമിയിൽ ജീവന് മനുഷ്യനുൾപ്പെടെ നിലനിൽക്കാൻ ഏറ്റവും ആവശ്യമായത് പ്രാണവായു, ശുദ്ധജലം, ജീവനുള്ള മണ്ണ്, ജീവന് അനുകൂലമായ കാലാവസ്ഥ, ആവാസവ്യവസ്ഥകൾ, പരസ്പരാശ്രയ ബന്ധങ്ങൾ, ജൈവ സാമൂഹിക കെട്ടുറപ്പ് എന്നിവയാണ്. മനുഷ്യന്റെ മാത്രം വർദ്ധിച്ചുവരുന്ന ആവശ്യങ്ങളെ നിറവേറ്റാനുള്ള ഏതു വികസനവും മേൽപ്പറഞ്ഞവയെ തകിടംമറിച്ചുകൊണ്ടു മാത്രമേ സാധ്യമാകു



ഇ.എം.എസ്സും ശർമ്മാജിയും

ന്നുള്ളൂ. ഇന്നു നാം സമ്പന്നരായി കാണുന്നത് മനുഷ്യനിർമ്മിത ഭൗതികവസ്തുക്കളും ഉപകരണങ്ങളും കൃത്രിമ ഊർജ്ജത്തിലും വ്യാവസായിക ഉൽപ്പന്നങ്ങളിലും അധിഷ്ഠിതമായ ജീവിതശൈലികളുമാണ്. ഇവ നേടിയെടുക്കുവാനായി നാം പ്രകൃതി വിഭവങ്ങളെ നിരന്തരം ചൂഷണത്തിനും വിഭവകേന്ദ്രീകരണത്തിനും വിധേയമാക്കുയാണ്. ഇതിന്റെ ഫലമെന്താണ്? മാരകമായ വായു-ജല-മണ്ണ് മലിനീകരണം, പ്രകൃതിവിഭവനാശം, പ്രകൃതിവിഭവങ്ങളെ നേരിട്ടാശ്രയിച്ചു മാത്രം ജീവിക്കാൻ കഴിയുന്ന മനുഷ്യസമൂഹങ്ങളുടെ ദാരുണമായ തകർച്ച ഇവയാണ്.

വികസനം ഇന്നു ആഗോളകമ്പോളവൽക്കരണത്തിന്റെ ഭാഗമായി ലോകമെമ്പാടും പ്രകൃതിയുമായി പൊരുത്തപ്പെടാതെ മനുഷ്യസമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപിന് തന്നെ എതിരായി തിരിയുന്നതു നാം കാണുന്നു. മനുഷ്യസമൂഹങ്ങൾ വിവിധ രാജ്യങ്ങളിൽ വിവിധ തലങ്ങളൽ വികസനത്തിന്റെ ലക്ഷ്യങ്ങളെത്തന്നെ ചോദ്യം ചെയ്യുന്ന പ്രവണത നാം കാണുന്നു. 1970 തൊട്ടുള്ള കാലഘട്ടത്തിൽ അന്ധമായ വികസനവും ഉപഭോഗവും മണ്ണിനും വിണ്ണിനും വായുവിനും മനുഷ്യസമൂഹത്തിനും വരുത്തിയ വിപത്തുകൾക്കെതിരായി ഐക്യരാഷ്ട്രസഭയും ആയിരമായിരം സംഘടനകളും പ്രസ്ഥാനങ്ങളും സംഘടിത സമരങ്ങൾ നടത്തുവാൻ മുന്നോട്ടുവന്നിട്ടുണ്ട്. ഇതിന്റെ അർത്ഥം ഗൗരവത്തോടെ മനസ്സിലാക്കിയിട്ടുവേണം ശരിയായ, ആരോഗ്യകരമായ, ജനോപകാരപ്രദമായ വികസനത്തിന്റെ മാർഗ്ഗം കണ്ടെത്താൻ. ആത്യന്തികമായി നമുക്കു വേണ്ടതു അടിസ്ഥാന നിലനിൽപ്പാണ്. അടിസ്ഥാന നിലനിൽപ്പിനാവാശ്യമായ യഥാർത്ഥ ജൈവപരമായ ഉൽപ്പന്നത്തെയും ഉൽപ്പാദനക്ഷമതയെയും പുനരുജ്ജീവനത്തെയും അട്ടിമറിക്കുന്ന യാതൊരു സാമ്പത്തിക വ്യവസായിക വികസനവും ചിരന്തരമാകില്ലെന്നു നാം കണ്ടുതുടങ്ങിയിരിക്കുന്നു. മനുഷ്യസമൂഹങ്ങളുടെ ഭൂരിഭാഗം വരുന്ന വരെ അടിച്ചമർത്തി പട്ടിണിക്കിട്ടുകൊണ്ട് ഈ 'വികസന' പ്രക്രിയ തുടരാനാകില്ല.

### 3. കേരളത്തിന്റെ വികസനം

ഉഷ്ണമേഖല നിത്യഹരിത മൺസൂൺ പ്രദേശമായ കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 50 ശതമാനത്തിലേറെ പശ്ചിമഘട്ടപർവ്വതപ്രദേശമാണ്. പാരിസ്ഥിതികമായി ലോലമായ തീരപ്രദേശവും കൃഷിക്കനുയോജ്യമായ ഇടനാടൻ കുന്നുകളുമാണ് നമുക്കുള്ളത്. പാരിസ്ഥിതികമായി അതിസമ്പന്നമാണ് ഈ പ്രദേശമെങ്കിലും ഈ ജൈവസമ്പന്നത സൂക്ഷിച്ചു കൈകാര്യം ചെയ്തു നിലനിർത്താനുള്ള വിവേകമോ അനുഭവജ്ഞാനമോ ഉള്ള മനുഷ്യസമൂഹങ്ങൾ അല്ല ഇവിടെ ജീവിക്കുന്നതെങ്കിൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ അതീവ ഗുരുതരമായിരിക്കുമെന്നും ഇതിനകം തെളിഞ്ഞിട്ടുണ്ട്. ഈ ഭൂപ്രദേശത്തിന്റെ ജൈവസമ്പന്നത വളരെ ലോലമാണ്. ഒരിക്കൽ നശിപ്പിക്കപ്പെട്ടാൽ നൂറ്റാണ്ടുകൾ കൊണ്ടുമാത്രം പുനരുജ്ജീക്കാവുന്ന ഉഷ്ണമേഖലാനിത്യഹരിത ആവാസവ്യവസ്ഥകളാണവ. ആധുനിക വ്യവസായിക വികസനത്തിനു വളരെയേറെ പരിമിതികളുള്ള പരിസ്ഥിതിയാണ് ഇവിടെയെന്ന് ചുരുക്കം.

കേരളത്തിന്റെ അനുഭവം കണക്കിലെടുത്താൽ നാം ഇവിടെ വികസിപ്പിക്കാൻ ശ്രമിച്ച, ശ്രമിച്ചുകൊണ്ടിരിക്കുന്ന വ്യവസായികപുരോഗതി-വനവിഭവങ്ങളെ ആശ്രയിച്ചുള്ള തടി, പ്ലൈവുഡ്, പേപ്പർ, റയോൺസ് വ്യവസായങ്ങൾ - എന്തുകൊണ്ട് വഴിമുട്ടി നിൽക്കുന്നു എന്നതിനു ഉത്തരം ഈ പാരസ്ഥിതിക പരിമിതിയിൽ നാം തേടിയേ തീരൂ.

ജലവൈദ്യുതിയെ ആശ്രയിച്ചു നാം പുരോഗമിക്കാൻ ശ്രമിച്ചതിന്റെയും അശാസ്ത്രീയമായ വനവികസനത്തിന്റെയും ലോലമായ പർവ്വതപരിസ്ഥിതിയെ മാനിക്കാതെ വ്യാപകമായ നാണ്യവിളകൃഷി വികസിപ്പിച്ചതിന്റെയും തിക്തഫലങ്ങൾ നാം വരൾച്ചയിലും കാലാവസ്ഥാമാറ്റങ്ങളിലും കാർഷികത്തകർച്ചയിലും ഊർജ്ജപ്രതിസന്ധിയിലുമൊക്കെ അനുഭവിക്കാൻ തുടങ്ങിയിട്ട് പത്തുപതിനഞ്ച് വർഷങ്ങളിലേറെയായി. നമ്മുടെ തത്വദീക്ഷയില്ലാത്ത വികസനം വഴിമുട്ടുന്നതിന്റെ ഒരു ലക്ഷണമായി നാടൊട്ടുക്ക് ഇന്നു വളരുന്ന നദീതടസംരക്ഷണപ്രക്ഷോഭത്തെ നാം കാണണം. ഏതൊരു വികസനത്തിനും നിർമ്മാണപ്രവർത്തനത്തിനും പുഴമണലും ശുദ്ധ

**വികസനത്തെ അന്ധമായി എതിർക്കുന്ന പ്രതിലോമകാരികളായ പരിസ്ഥിതിവാദികൾ എന്നു മുദ്രകുത്തി ഈ ജനകീയപ്രതിരോധത്തെ അധികകാലം തള്ളിക്കളയാനാകുമെന്നു തോന്നുന്നില്ല. ഓരോ പ്രദേശത്തെയും സാധാരണജീവിതം ദുസ്സഹമാവുമ്പോൾ സ്വാഭാവികമായും ഉയരുന്ന ചെറുത്തുനിൽപ്പുകളാണിവ. ഇവയിൽനിന്നും പാഠമുൾകൊണ്ട് ഗഹനമായി ചിന്തിച്ചു വികസനത്തെപ്പറ്റിയുള്ള പുതിയ ഒരു കാഴ്ചപ്പാടുണ്ടാക്കാൻ ശ്രമിക്കുകയല്ലേ നാം ചെയ്യേണ്ടത്?**

ജലവും ഇന്നു ബാക്കിയില്ലാതാകുകയാണ്. അണക്കെട്ടുകൾക്കെതിരായും പാറപൊട്ടിക്കലിനെതിരെയും ഉയരുന്ന ജനകീയപ്രക്ഷോഭങ്ങളും നാം കണക്കിലെടുത്തേ തീരൂ. 'വികസനത്തെ' അന്ധമായി എതിർക്കുന്ന പ്രതിലോമകാരികളായ പരിസ്ഥിതിവാദികൾ എന്നു മുദ്രകുത്തി ഈ ജനകീയ പ്രതിരോധത്തെ അധികകാലം തള്ളിക്കളയാനാകുമെന്നു തോന്നുന്നില്ല. ഓരോ പ്രദേശത്തെയും സാധാരണജീവിതം ദുസ്സഹമാവുമ്പോൾ സ്വാഭാവികമായും ഉയരുന്ന ചെറുത്തുനിൽപ്പുകളാണിവ. ഇവയിൽനിന്നും പാഠമുൾകൊണ്ട് ഗഹനമായി ചിന്തിച്ചു വികസനത്തെപ്പറ്റിയുള്ള പുതിയ ഒരു കാഴ്ചപ്പാടുണ്ടാക്കാൻ ശ്രമിക്കുകയല്ലേ നാം ചെയ്യേണ്ടത്? നെൽകൃഷി നഷ്ടമാണെന്ന പേരിൽ പാടങ്ങൾ ചെങ്കൽച്ചൂളകളായി മാറുന്നതും നാണ്യവിള കൃഷിക്കും കെട്ടിടം പണിയാനും മറ്റും നികത്തുന്നതുമെല്ലാം ഈ പ്രതിസന്ധിയുടെ പല മുഖങ്ങൾ മാത്രം.

നമുക്ക് ആവശ്യമുള്ള നെല്ലിന്റെ 30%ന് താഴെ മാത്രമേ കേരളത്തിൽ ഉൽപാദിപ്പിക്കാനുള്ളു എന്നതും നമ്മുടെ മണ്ണ് അമിത രാസപ്രയോഗം കൊണ്ടു വിഷലിപ്ത മാവുകയാണെന്നതും നമ്മുടെ പരമ്പരാഗത വിത്തിനങ്ങളും കാർഷികസംസ്കാരവും നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണെന്നതും ഏറ്റവും യാതനകരമായ ഒരു സ്ഥിതിവിശേഷമല്ലെ?

## 4. നിലനിൽപ്പിന്റെ പ്രതിസന്ധി

ഇന്നു നാം നേരിടുന്നത് വികസനപ്രതിസന്ധിയല്ല. നിലനിൽപ്പിന്റെ തന്നെ പ്രതിസന്ധിയാണ് എന്ന് തിരിച്ചറിയാൻ ഈ ജനകീയപ്രസ്ഥാനത്തിന് കഴിയണം. സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെയും മാസശമ്പളം പറ്റുന്ന ഉദ്യോഗസ്ഥ വർഗ്ഗത്തിന്റേയും നാഗരികമധ്യവർഗസമൂഹത്തിന്റേയും ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം തന്നെ, ഈ നാട്ടിൽ ഇന്നു നടന്നുവരുന്ന വികസനപ്രക്രിയക്കുവേണ്ടി ഏറ്റവും അധികം വിലകൊടുത്തു ബലിയാടുകളായിത്തീരുന്ന ദരിദ്രരുടെ, ഭൂരഹിതരുടെ, പ്രകൃതിവിവങ്ങളെ നേരിട്ട് ആശ്രയിച്ചു ജീവിക്കുന്ന (ഈറ്റതൊഴിലാളികൾ) വിറക് വെട്ടി ജീവിക്കുന്ന ഗ്രാമീണസ്ത്രീകൾ, ആദിവാസികൾ, നാമമാത്ര കർഷകരും കർഷകതൊഴിലാളികളും) മനുഷ്യസമൂഹങ്ങളുടെ നിലനിൽപ്പിന്റെയും പ്രശ്നം നാം കണക്കിലെടുത്തേ തീരൂ.

നമ്മുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ നാം വിഭാവന ചെയ്യുന്ന ഓരോ ജലസേചന ജലവൈദ്യുത പദ്ധതിയും അവസാനത്തെ കാടിന്റെയും അവസാനത്തെ ഒഴുകുന്ന പുഴയുടെയും കഷ്ടിച്ചരിഷ്ടിച്ച് ജീവിക്കുന്ന ഏതോ പ്രൈമറി ഉൽപ്പാദക മനുഷ്യസമൂഹത്തിന്റെയും നിലനിൽപ്പിനുതന്നെ ഭീഷണിയാവുന്നതായിട്ടാണ് നാം എവിടെയും കാണുന്നത്.

ഓരോ ഗ്രാമപഞ്ചായത്തും അവിടത്തെ ആകെയുള്ള ജനസമൂഹവും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസനം നിലനിൽപിനാവശ്യമായ അടിസ്ഥാന വിഭവങ്ങളെ പുനരുജ്ജീവിപ്പിക്കാനും അവയുടെ ഉപയോഗം നീതിയുക്തമാക്കാനും അവയുടെ സംരക്ഷണവും പരിരക്ഷണവും, പൊതുചുമതലയാക്കാനും ശ്രദ്ധകൊടുത്തിട്ടില്ലെങ്കിൽ, ചുമതലാബോധമില്ലാത്ത സ്വാർത്ഥികളായ ഉപഭോക്താക്കളെയും നിർവീര്യമാക്കപ്പെടുന്ന ഏറ്റവും താഴേക്കിടയിലുള്ളവരെയും സൃഷ്ടിക്കുക മാത്രമായിരിക്കും വികേന്ദ്രീകൃത - ജനകീയ വികസനവും ചെയ്യുക.

## 5. പൊതുവിനെക്കുറിച്ചുള്ള ബോധവും ചുമതലയും

വ്യക്തി കേന്ദ്രീകൃത വികസനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനിക മനുഷ്യമനസ്സിൽ മേൽപ്പറഞ്ഞ ബോധം വളർത്തുക ബുദ്ധിമുട്ടായിരിക്കും. എങ്കിലും യഥാർഥ പുരോഗതിയും ക്ഷേമവും നീതിയും (Universal equity, justice and wellbeing) എല്ലാവർക്കും ഒരുപോലെ കൈവരണമെങ്കിൽ ഈ പൊതു താൽപര്യബോധം വളർന്നേ, വളർത്തിയേ തീരൂ. കേവലമായ താൽപര്യങ്ങൾക്കപ്പുറം നമ്മുടെ ബോധതലത്തിൽ എല്ലാ ജീവനും ജീവൻ താങ്ങി നിർത്തുന്ന ആവാസവ്യവസ്ഥകൾക്കും പ്രാധാന്യം നൽകിയേ തീരൂ.

നമുക്ക് ഇന്ന് നഷ്ടമായികൊണ്ടിരിക്കുന്ന നിലനിൽപ്പിനെപ്പറ്റിയുള്ള അറിവും കഴിവുകളും നമ്മുടെ ഭൂമിയെ, മണ്ണിനെ പുനരുജ്ജീവിപ്പിക്കാനും ഉള്ള വിഭവങ്ങൾ നീതിയുക്തമായി പങ്കിട്ട് ബഹുഭൂരിപക്ഷം ജനങ്ങളുടെയും അടിസ്ഥാനജീവിതാവശ്യങ്ങൾ നിറവേറ്റാനുമുള്ള വഴികൾ ഈ ജനകീയ അന്വേഷണങ്ങളിലൂടെ നമുക്ക് കണ്ടെത്താൻ കഴിയണം. ജീവിതശൈലികളെയും പെരുമാറ്റച്ചട്ടങ്ങളെയും ഭൂവുടമാവകാശത്തെയും ഭൂപരിപാലന ഭൂവിനിയോഗരീതികളെയും ഉപഭോഗത്തെയും ഒക്കെ അടിസ്ഥാനമായി ബാധിക്കുന്ന സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പാരിസ്ഥിതിക മാറ്റങ്ങളാണ് നമുക്ക് ആവശ്യം. പല മാറ്റങ്ങളും നമ്മൾ ആശിക്കുന്ന വേഗത്തിലും വിധത്തിലും വരുത്താനാവില്ല. പക്ഷെ വ്യക്തികളുടെ സാമ്പത്തിക പുരോഗതിയെക്കാളും വ്യക്തിസ്വാതന്ത്ര്യത്തെക്കാളും വലുതാണ് പൊതുതാൽപ്പര്യങ്ങളും സമൂഹത്തിന്റെ ചിരന്തനമായ നന്മയും നിലനിൽപ്പും ക്ഷേമവുമെന്നുള്ള ധാർമ്മികബോധം വളർത്തിയേ തീരൂ. വലുതാണ് നല്ലത്, കൂടുതൽ ഉപഭോഗമാണ് കേമം എന്ന ചിന്ത മാറ്റി, ലാളിത്യം, സഹകരണം, പരിരക്ഷണം, യഥാർഥ ആത്മീയവളർച്ച എന്നിവയ്ക്ക് ഏറെ സ്ഥാനം കൊടുക്കണം. കുറച്ച് വിഭവങ്ങൾ ഉപയോഗിച്ച് വിഭവങ്ങൾ ഒട്ടും പാഴാക്കാതെ, മലിനീകരണം ഉണ്ടാക്കാതെ കൂടുതൽ പേർക്ക് പ്രയോജനവും നന്മയും ചെയ്യുന്ന, ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമായ ഉൽപ്പന്നങ്ങൾ എങ്ങനെയുണ്ടാക്കാം, വിതരണം ചെയ്യാം, അതും സാർവ്വത്രികമായ ലഭ്യതയിലും നീതിയിലും നിലയുറപ്പിച്ചുകൊണ്ടു ജീവിതം എങ്ങനെ മെച്ചപ്പെടുത്താം എന്നതിലാണ് യഥാർത്ഥ വെല്ലുവിളിയുള്ളത്. പ്രകൃതി തരുന്ന ജീവനും വെള്ളവും മണ്ണും വായുവും എങ്ങനെ പരിരക്ഷിക്കാം. ജൈവസാഹചര്യങ്ങൾ എങ്ങനെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് മെച്ചപ്പെടുത്താം എന്നതാണ് പരമപ്രധാനം.

ഒരു രാഷ്ട്രത്തിന്റെ മൊത്തം ഉൽപ്പന്നം, പ്രതിശീർഷ വരുമാനം, വിദ്യുച്ഛക്തി മുതലായവയുടെ പ്രതിശീർഷഉപയോഗം, ഇവയാണോ പുരോഗതിയുടെ ലക്ഷണങ്ങളും അളവുകളും? മനുഷ്യജീവിതത്തിനു സാർവ്വത്രികമായി സുരക്ഷിതത്വവും സ്വാതന്ത്ര്യവും നൽകുക, ഭക്ഷ്യസ്വയംപര്യാപ്തതയും, സാമൂഹിക കെട്ടുറപ്പും പ്രദാനം ചെയ്യുക, ഇവയല്ലേ പുരോഗതിയുടെ യഥാർഥ അളവ്? ഇത്തരത്തിലുള്ള ഒരു ജീവിതസംസ്കാരം - ഒട്ടുമൊത്തമുള്ള ജനതയുടെ ജീവിതം സംതൃപ്തകരമായി നയിക്കുവാനുതകുന്ന വികസനം ലഭ്യമാക്കമമെങ്കിൽ മനുഷ്യനും പ്രകൃതിയും കൈകോർത്തുപിടിച്ചുകൊണ്ടു പ്രകതിദത്തമായ വിഭവങ്ങളെ ലക്ഷ്യ